**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷക താല്പര്യം സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷകരുടെ പട്ടയ ഭൂമിയിൽ നിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ട് കൃഷി വകുപ്പിന് ഏതെങ്കിലും കർഷക സംഘടനയോ കർഷകരോ നിവേദനം നൽകിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | കർഷകരുടെ പട്ടയ ഭൂമിയിൽ നിന്നും ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ കർഷകർ അനുമതി ആവശ്യപ്പെടുന്ന വിവരം കർഷക സംഘടനകൾ കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ച് 2020 ഒക്ടോബർ 24-ന് റവന്യൂ വകുപ്പ് ഉത്തരവ് പുറത്തിറക്കുന്നതിനു മുൻപ് കൃഷി വകുപ്പുമായി റവന്യൂ വകുപ്പ് ആശയവിനിമയം നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം മരം മുറിച്ച ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്കെതിരെ കേസ് എടുക്കാൻ വനം വകുപ്പ് നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ കൃഷി വകുപ്പ് എന്തൊക്കെ ഇടപെടലാണ് നടത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ